
ഫസ്‌ലുർറഹ്മാൻ കൊടുവള്ളി

# മൂന്ന് പ്രാമാണിക ഗ്രന്ഥങ്ങൾ

**ആറ്** പ്രാമാണിക ഹദീസ് ഗ്രന്ഥങ്ങൾ (*സ്വിഹാഹുസ്സിത്തഃ*) ഇസ്‌ലാമിക സമൂഹത്തിന് ചിരപരിചിതമാണ്. സാധാരണക്കാർക്കിടയിൽ അത്രതന്നെ പരിചിതമല്ലാത്ത എന്നാൽ സ്വിഹാഹുസ്സിത്തഃയേക്കാൾ പൗരാണികവും പ്രാബല്യം ഒട്ടും കുറയാത്തതുമായ വേറെയും ഗ്രന്ഥങ്ങളുണ്ട്. ഇമാം അബ്ദുല്ല അദ്ദാരിമിയുടെ *സുനൻ*, ഇമാം അഹ്മദിന്റെ *മുസ്നദ്*, ഇമാം മാലികിന്റെ *മുവത്ത്വ* എന്നിവ അവയിൽ ശ്രദ്ധേയങ്ങളാണ്. ഈ മൂന്ന് ഗ്രന്ഥങ്ങളെക്കുറിച്ച ലഘുവിവരണമാണ് ചുവടെ.



### ഇമാം ദാരിമിയുടെ *സുനൻ*

അബ്ദുല്ലാഹിബ്നു അബ്ദിർറഹ്മാനുബ്നു ഫദ്‌ലുബ്നു ബഹ്റാമുബ്നു അബ്ദുസ്സ്വമദ് എന്നാണ് ദാരിമിയുടെ പൂർണ നാമം. ബനൂതമീം ഗോത്രക്കാരനായ, ദാരിമുബ്നു മാലികിലേക്ക് ചേർത്തതിനാലാണ് *ദാരിമി* എന്ന നാമധേയം സിദ്ധിച്ചത്. ഹിജ്റ 181-ാം വർഷം സമർഖന്ദിലായിരുന്നു ഇമാമിന്റെ ജനനം.

പണ്ഡിതന്മാർ ധാരാളമുണ്ടായിരുന്നെങ്കിലും ദാരിമിക്കുമുമ്പ് അദ്ദേഹത്തോളം പ്രശസ്തി നേടിയ മറ്റൊരാളും സമർഖന്ദിൽ ജീവിച്ചിരുന്നില്ല. ബുദ്ധിമാനും മനഃപാഠശേഷിയിലും (ഹിഫ്സ്), ഗ്രഹണപാടവ(ഫഹ്മ്)ത്തിലും അറിയപ്പെട്ടയാളുമായിരുന്നു ദാരിമി. ഹദീസ് വിജ്ഞാന ശേഖരണാർഥം ഖുറാസാൻ, ബഗ്ദാദ്, കൂഫ, വാസിത്, ബസ്വ്റ, സിറിയ, ദമസ്കസ്, ഹിംസ്വ്, സ്വൂർ, അൽജീരിയ, സഗർ, ഹിജാസ്, മക്ക, മദീന എന്നിവിടങ്ങളിലെല്ലാം സഞ്ചരിച്ചു. ഒടുവിൽ, സ്വദേശമായ സമർഖന്ദിൽ തിരിച്ചെത്തി, വിജ്ഞാന പ്രചാരണത്തിൽ നിരതനായി.

ഹദീസ് നിദാനശാസ്ത്രത്തിലും കർമശാസ്ത്രത്തിലും തഫ്സീറിലും നല്ല പരിജ്ഞാനമുണ്ടായിരുന്നു അദ്ദേഹത്തിന്. സമഗ്ര വിജ്ഞാനവും വിശാല ചിന്തയും അദ്ദേഹത്തിന്റെ സഹജ ഗുണങ്ങളായിരുന്നു. അറിവ്, സത്യസന്ധത, ഭക്തി, വിരക്തി എന്നീ കാര്യങ്ങളിൽ മാതൃകാവ്യക്തിത്വമായി ദാരിമി വാഴ്ത്തപ്പെട്ടു. പ്രവാചകനെക്കുറിച്ച് കള്ളം പ്രചരിപ്പിക്കുന്നവർക്കെതിരിൽ കർക്കശ നിലപാട് സ്വീകരിക്കുകയും സുന്നത്തിന്റെ പ്രചാരണത്തിന് വേണ്ടി ജീവിതം ഉഴിഞ്ഞുവെക്കുകയും ചെയ്തു. സമർഖന്ദിലെ ഖാദിസ്ഥാനം ഏറ്റെടുക്കണമെന്ന് ഭരണാധികാരി അദ്ദേഹത്തോടാവശ്യപ്പെട്ടെങ്കിലും ഇമാം അത് തിരസ്കരിച്ചു. എന്നാൽ ഭരണാധികാരി ഖാദിസ്ഥാനം അദ്ദേഹത്തിന്റെ

മേൽ കെട്ടിയേൽപിച്ചു. ആദ്യകേസിൽ വിധി പ്രസ്താവിച്ചശേഷം, തന്നെ തദ്സ്ഥാനത്തുനിന്ന് ഒഴിവാക്കിത്തരണമെന്ന് അദ്ദേഹം ആവശ്യപ്പെടുകയും ആ അപേക്ഷ സ്വീകരിക്കുകയും ചെയ്തു. ഇമാം അഹ്മദുബ്നു ഹമ്പൽ ഇമാം ദാരിമിയെക്കുറിച്ച് പറഞ്ഞു: 'അദ്ദേഹമാണ് നേതാവ്. എന്റെ നേർക്ക് കുഫ്ർ വെച്ചുനീട്ടിയപ്പോൾ ഞാനത് സ്വീകരിച്ചില്ല. അദ്ദേഹത്തിന്റെ നേർക്ക് ദുൻയാവ് വെച്ചുനീട്ടിയപ്പോൾ അദ്ദേഹവും അത് തിരസ്കരിച്ചു.' ഇമാം ഹാഫിസ് അദ്ദഹബി, ദാരിമിയെ വിശേഷിപ്പിച്ചത്, *ദീനിന്റെ തൂണുകളിൽ ഒരു തൂൺ* എന്നാണ്.

ഹദീസ് ഉദ്ധരിക്കുമ്പോൾ അങ്ങേയറ്റം സൂക്ഷ്മതയും ജാഗ്രതയും പുലർത്തിയിരുന്നു അദ്ദേഹം. കേട്ടവരിൽ നിന്നെല്ലാം ഹദീസ് ഉദ്ധരിച്ചില്ല. എന്നാൽ ചെറിയവരിൽനിന്നും വലിയവരിൽനിന്നും സഹപാഠികളിൽനിന്ന് വരെ ഹദീസ് വിജ്ഞാനം നേടാനുള്ള വിനയം അദ്ദേഹത്തിനുണ്ടായിരുന്നു. മുസ്‌ലിം, അബൂദാവൂദ്, തിർമിദി, ബസ്സാർ എന്നിവർ ഇമാം ദാരിമിയിൽനിന്ന് ഹദീസ് ഉദ്ധരിച്ചിട്ടുണ്ട്.

യസീദുബ്നു ഹാറൂൻ, യഅ്ലബ്നു ഉബൈദ്, ജഅ്ഫറുബ്നു ഔൻ, ബിശ്റുബ്നു ഉമറുസ്സഹ്റാനി, മുഹമ്മദുബ്നു ബക്ർ അൽബർസാനി, വഹബുബ്നു ജരീർ, നള്റുബ്നു ശമീൽ, അഹ്മദ് ഇസ്ഹാഖ് അബുൽ ഹള്റമി, അബൂ ആസിം, ഉബൈദുല്ലാഹിബ്നു മൂസാ, അൽമുഗീറത്തുൽഖൗലാനി, മുഹമ്മദുബ്നു യൂസുഫ് അൽഫർയാബി, അബൂ നഈം, അഫ്ഫാൻ, മുസ്‌ലിം, സകരിയ്യബ്നു അദിയ്യ്, യഹ്‌യ ബ്നു ഹസ്സാൻ എന്നിവർ ഇമാം ദാരിമിയുടെ ഗുരുനാഥന്മാരാണ്.

വിഖ്യാതരായ ഹദീസ് നിവേദകന്മാരുടെ മുൻനിരയിലാണ് ഇമാം ദാരിമിയുടെ സ്ഥാനം. *സിഹാഹുസ്സിത്തഃ*യുടെ കർത്താക്കളിൽ, ബുഖാരി ഒഴികെയുള്ളവരുടെ മുൻകാലക്കാരനാണ് അദ്ദേഹം. ബുഖാരിയും ദാരിമിയും സമകാലികരാണ്. ഇമാം ദാരിമി തന്റെ *സുനൻ* രചിക്കുമ്പോൾ, ബുഖാരിയുടെ *സ്വഹീഹ്* ഒഴികെയുള്ള മറ്റു അഞ്ച് ഗ്രന്ഥങ്ങളും പുറത്തുവന്നിരുന്നില്ല. മുസ്‌ലിം ഉമ്മത്തിനെ നബിചര്യയുമായി അടുപ്പിക്കാൻ സഹായകമായ വിധത്തിൽ, അധ്യായ ക്രമത്തിൽ തന്റെ ഹദീസ് ഗ്രന്ഥം ക്രോഡീകരിക്കാൻ ഇമാം മുന്നിട്ടിറങ്ങി. അക്കാലത്ത്, അദ്ദേഹത്തിന്റെ നാടായ സമർഖന്ദിലെ ജനങ്ങൾ സുന്നത്തിന്റെ സ്ഥാനത്ത്, ബിദ്അത്തുകളുമായി ഇണങ്ങിക്കഴിഞ്ഞിരുന്നു. നബിചര്യ മിക്കവാറും അവർക്ക് അജ്ഞാതമായിരുന്നു. നബിചര്യകളിലേക്ക് ജനങ്ങളെ തിരിച്ചുകൊണ്ടുവരാൻ നാവുകൊണ്ടും പേനകൊണ്ടും ഇമാം ആവോളം പരിശ്രമിച്ചു. അങ്ങനെയാണ് പണ്ഡിതന്മാർ *മുസ്നദ്* എന്ന് വ്യവഹരിച്ചുപോന്ന ദാരിമിയുടെ ഹദീസ് ഗ്രന്ഥം ക്രോഡീകരിക്കപ്പെടുന്നത്. അധ്യായക്രമം പരിഗണിക്കാതെ, ഓരോ സ്വഹാബിയുടെയും പേരിനുതാഴെ അദ്ദേഹത്തിന്റെ മുഴുവൻ ഹദീസുകളും ചേർത്തുവെക്കുന്ന രചനാരീതിക്കാണ് *മുസ്നദ്* എന്ന് സാങ്കേതികമായി പറയുക. ഈ അർഥത്തിൽ അധ്യായക്രമത്തിൽ ക്രോഡീകൃതമായ ദാരിമിയുടെ ഗ്രന്ഥം *സുനൻ* എന്ന ഗണത്തിലാണ് പെടുക. എന്നാൽ ചില പണ്ഡിതന്മാരുടെ വീക്ഷണത്തിൽ *മർഫൂഅ്* (നബിയിലേക്ക് ചേർത്തിപ്പറയുന്നത്) ആയ ഹദീസുകളുടെ സമാഹാരമാണ് *മുസ്നദ്*. ദാരിമിയുടെ ഗ്രന്ഥത്തിൽ, *മർഫൂഅ്* അല്ലാത്ത ഹദീസുകളുമുണ്ട്. അതിനാൽ ഈ അർഥത്തിലല്ല, ദാരിമിയുടെ ഗ്രന്ഥത്തെ പണ്ഡിതലോകം *മുസ്നദ്* എന്ന് വ്യവഹരിച്ചത്; *ഇസ്നാദി*നോട് (നിവേദക പരമ്പര) തുടർത്തി ഹദീസുകൾ പറയുന്നു എന്ന നിലക്കാണ്. ഇമാം ബുഖാരി തന്റെ *സ്വഹീഹി*നെയും, *സ്വഹീഹു മുസ്‌ലിമി*നെയും *മുസ്നദ്* എന്ന് വിശേഷിപ്പിച്ചതും ഈ അർഥത്തിലാണ്. എന്നാൽ ഹദീസുകളുടെ വിന്യാസത്തിലും ക്രോഡീകരണരീതിയിലും *മുസ്നദി*ന്റെ സാങ്കേതികാർഥത്തിൽനിന്ന് ഭിന്നമാണ് ദാരിമിയുടെ ഗ്രന്ഥമെന്ന് കണ്ട പിൽക്കാല പണ്ഡിതന്മാർ അതിനെ *സുനൻ* എന്ന് വ്യവഹരിക്കാനാണ് ഇഷ്ടപ്പെട്ടത്.

*മുസ്നദ്* (നിവേദനപരമ്പരയിൽ വിടവില്ലാത്തത്), *മർഫൂഅ്* (നബിയിൽനിന്ന് നേരിട്ടുദ്ധരിക്കുന്നത്), *മൗഖൂഫ്* (സ്വഹാബി നബിയോട് ബന്ധിപ്പിക്കാതെ പ്രസ്താവിച്ചത്), *മഖ്തൂഅ്* (താബിഉകൾ വരെ മാത്രം എത്തിയത്) മുതലായ ഹദീസ് ഇനങ്ങൾ അധ്യായക്രമത്തിൽ ക്രോഡീകരിച്ചതാണ് *സുനനു ദ്ദാരിമി*യുടെ ഉള്ളടക്കം. എന്നാൽ *മർഫൂഅ്* ആയ ഹദീസുകളാണ് അധികവും ഇതിലുള്ളത്. വിധികളു(അഹ്കാം)മായി ബന്ധപ്പെട്ട അധ്യായങ്ങളിൽ മിക്കവാറും *മർഫൂഅ്* ആയ ഹദീസുകളേ ഉള്ളൂ. എന്നാൽ *മുസ്വന്നഫ് ഇബ്നു അബീ ശൈബ*യുടെ രചനാമാതൃകയിൽ *ആസാറുകൾ* (സ്വഹാബി വചനങ്ങൾ) ധാരാളമായി ഉദ്ധരിച്ചിട്ടുണ്ട് ചില അധ്യായങ്ങളിലെങ്കിലും. ശുദ്ധി (ത്വഹാറത്ത്), അനന്തരാവകാശം (ഫറാഇദ്) തുടങ്ങിയ അധ്യായങ്ങളിലും ഖുർആന്റെ ശ്രേഷ്ഠതകൾ വിവരിക്കുന്ന ഭാഗത്തും മുഖവുര(മുഖദ്ദിമ)യിലും ഈ രീതി അവലംബിച്ചതായി കാണാം. ഗ്രന്ഥത്തിൽ അങ്ങിങ്ങായും ചില ഹദീസുകൾക്കൊടുവിലും തദ്വിഷയകമായുള്ള ഗ്രന്ഥകാരന്റെ ഫിഖ്ഹീ വീക്ഷണം രേഖപ്പെടുത്തിയിട്ടുണ്ട്. ചിലയിടത്ത് ഹദീസുകളിലെ അപരിചിത പദങ്ങളുടെ അർഥം വിശദീകരിക്കുകയും ഹദീസിന്റെ ദുർബലത വ്യക്തമാക്കുകയും ചെയ്തി



**ക്രോഡീകരണ മികവിന്റെ ഉത്തമ മാതൃകയാണ് ദാരിമിയുടെ ഗ്രന്ഥം. പ്രവാചകനിയോഗത്തിനു മുമ്പുണ്ടായിരുന്ന ജനതയുടെ ദുരവസ്ഥകളും അപഭ്രംശങ്ങളും പരാമർശിച്ചുകൊണ്ടാണ് ഗ്രന്ഥം തുടങ്ങുന്നത്. പിന്നീട് പ്രവാചകന്റെ നിയോഗദൗത്യവും സവിശേഷതകളും മാഹാത്മ്യങ്ങളും പരാമർശിക്കുന്നു. തുടർന്ന് പ്രവാചകാനുധാവനവും(ഇത്തിബാഉസ്സുന്നഃ) സന്മാർഗതലങ്ങളും ബിദ്അത്തുകൾക്കെതിരിലുള്ള ജാഗ്രതയും അറിവില്ലാതെ ഫത്‌വ നൽകുന്നതിലെ വിപത്തുകളും ഇഖ്‌ലാസിന്റെ സ്ഥാനവും മറ്റും വിശദീകരിക്കുന്നു. ഇബാദത്തുകളുടെ അധ്യായങ്ങൾ അവക്ക് ശേഷമാണ് വരുന്നത്.**

ട്ടുണ്ട്.

ക്രോഡീകരണ മികവിന്റെ ഉത്തമ മാതൃകയാണ് ദാരിമിയുടെ ഗ്രന്ഥം. പ്രവാചകനിയോഗത്തിനു മുമ്പുണ്ടായിരുന്ന ജനതയുടെ ദുരവസ്ഥകളും അപഭ്രംശങ്ങളും പരാമർശിച്ചുകൊണ്ടാണ് ഗ്രന്ഥം തുടങ്ങുന്നത്. പിന്നീട് പ്രവാചകന്റെ നിയോഗദൗത്യവും സവിശേഷതകളും മാഹാത്മ്യങ്ങളും പരാമർശിക്കുന്നു. തുടർന്ന് പ്രവാചകാനുധാവനവും(ഇത്തിബാഉസ്സുന്നഃ) സന്മാർഗതലങ്ങളും ബിദ്അത്തുകൾക്കെതിരിലുള്ള ജാഗ്രതയും അറിവില്ലാതെ ഫത്‌വ നൽകുന്നതിലെ വിപത്തുകളും ഇഖ്ലാസിന്റെ സ്ഥാനവും മറ്റും വിശദീകരിക്കുന്നു. ഇബാദത്തുകളുടെ അധ്യായങ്ങൾ അവക്കു ശേഷമാണ് വരുന്നത്.

ഒരു വിഷയത്തിലുള്ള ഹദീസുകൾ ഒരുമിച്ച് പറയുന്ന രീതി അവലംബിക്കവെ തന്നെ തെളിവിന് വേണ്ട പ്രധാന ഭാഗങ്ങൾ മാത്രം തെരഞ്ഞെടുത്ത് ഉദ്ധരിക്കുന്ന രീതിയാണ് കൈക്കൊള്ളുന്നത്. അതുവഴി വ്യഥാസ്ഥൂലത ഒഴിവാക്കാൻ കഴിയുന്നു. എന്നാലും ആവർത്തനങ്ങൾ പലയിടത്തുമുണ്ട്. *രാഗത്തോടെയുള്ള ഖുർആൻ പാരായണം* എന്ന അധ്യായത്തിൽ നൽകിയ ഹദീസുകൾ തന്നെ, *ഖുർആന്റെ ശ്രേഷ്ഠതകൾ* എന്ന ശീർഷകത്തിനു കീഴിലും നൽകിയത് കാണാം.

ദാരിമിയുടെ ഗ്രന്ഥത്തിന്റെ പ്രശസ്തി ഒരുപറ്റം പണ്ഡിതന്മാരിൽ പരിമിതപ്പെട്ടുപോയിട്ടുണ്ട്. പൊതുജനത്തിന് ഈ ഗ്രന്ഥത്തെക്കുറിച്ചറിയില്ല. ആറു ഗ്രന്ഥ സമുച്ചയത്തിൽ ഉൾപ്പെട്ടില്ല എന്നത് അപ്രശസ്തിക്ക് ഒരു കാരണമാകാം. ദാരിമിയുടെ ഗ്രന്ഥത്തെ വേണ്ടവിധം വിശകലനം ചെയ്യാനും പണ്ഡിതന്മാർ തുനിഞ്ഞിട്ടില്ല. അതിന്റെയും മുഖ്യകാരണം *സ്വിഹാഹുസ്സിത്തഃ*യിൽ ഉൾപ്പെടാതെ പോയി എന്നതാണ്.

എന്നാൽ *സുനൻ ഇബ്നുമാജക്ക്* എഴുതിയ ആമുഖപഠനത്തിൽ ഹാഫിളുൽഅലാഈ, ദാരിമിയുടെ ഗ്രന്ഥത്തിന്റെ സവിശേഷതകളിലേക്ക് വിരൽചൂണ്ടിയിട്ടുണ്ട്: 'ദാരിമിയുടെ ഗ്രന്ഥം സ്വിഹാഹുസ്സിത്തഃയിൽ ആറാമത്തെ ഗ്രന്ഥമായി ഇബ്നുമാജക്കു പകരം എണ്ണപ്പെടാൻ തീർത്തും അർഹമാണ്. കാരണം അതിന്റെ നിവേദകപരമ്പരയിൽ ദുർബലരായ വ്യക്തികൾ നന്നേ കുറവാണ്. *മുൻകറും* (നിവേദനത്തിൽ അശ്രദ്ധവരുത്തിയ നിവേദകരുള്ളത്) *ശാദ്ദും*(കൂടുതൽ യോഗ്യതയുള്ളവരുടെ നിവേദനത്തിന് വിരുദ്ധമായി ഒരു യോഗ്യൻ നിവേദനം ചെയ്തത്)മായ ഹദീസുകളും അതിൽ അപൂർവമാണ്. *മുർസലും* (ഇടയിൽനിന്ന് സ്വഹാബി പോയത്), *മൗഖൂഫും* (നിവേദന പരമ്പര സ്വഹാബിയിൽ അവസാനിക്കുന്നത്) ആയ ഹദീസുകൾ ഉണ്ടെങ്കിൽ തന്നെയും ഇബ്നുമാജയുടെ ഗ്രന്ഥത്തേക്കാൾ ആധികാരികമാണത്." *സുനനി*ന്റെ ക്രോഡീകരണത്തിൽ ദാരിമിയുടെ അങ്ങേയറ്റത്തെ സൂക്ഷ്മതയും ജാഗ്രതയും ഹാഫിളുൽഅലാഈ പ്രത്യേകം എടുത്തുപറയുന്നുണ്ട്. ഹദീസ് നിവേദക ചരിത്ര(അസ്മാഉർരിജാൽ)ത്തിലും ഹദീസ് നിരൂപണത്തിലും നിപുണനുമായിരുന്നു ദാരിമി. എല്ലാവരിൽനിന്നും കേൾക്കുകയോ കേട്ടതെല്ലാം ഉദ്ധരിക്കുകയോ ചെയ്തിരുന്നില്ല. തന്റെ *മുസ്നദി*ൽ ക്രോഡീകരിച്ചതിന്റെ അനേകമിരട്ടി ഹദീസുകൾ അദ്ദേഹത്തിന് മനഃപാഠമുണ്ടായിരുന്നു. അതിൽനിന്ന് ആറ്റിക്കുറുക്കിയെടുത്തതാണ് അദ്ദേഹത്തിന്റെ ഗ്രന്ഥം.

***സുനനിൽ* വന്ന ഹദീസുകൾ പലതും മുഹദ്ദിസുകളുടെ നിരൂപണ–വിമർശനങ്ങൾക്ക് വിധേയമായിട്ടുണ്ടെന്നത് വസ്തുതയാണ്. ദഊഫും മുൻകറുമായ ഹദീസുകൾ *സുനനിൽ* ഉണ്ടെന്നിരിക്കെ അവയുടെ ദുർബലത ചൂണ്ടിക്കാട്ടപ്പെട്ടതിൽ അസ്വാഭാവികതയില്ല. ഹദീസ് നിദാനശാസ്ത്രത്തിൽ സൂക്ഷ്മജ്ഞാനമുള്ള ഇമാം, ഹദീസുകളെ തലനാരിഴകീറി പരിശോധിച്ച ശേഷം വന്ന മാനുഷികമായ പരിമിതികളായേ ഈ സ്ഖലിതങ്ങളെ കാണാനാവൂ.**




*സുനനി*ൽ വന്ന ഹദീസുകൾ പലതും മുഹദ്ദിസുകളുടെ നിരൂപണ-വിമർശനങ്ങൾക്ക് വിധേയമായിട്ടുണ്ടെന്നത് വസ്തുതയാണ്. ദഊഫും മുൻകറുമായ ഹദീസുകൾ *സുനനി*ൽ ഉണ്ടെന്നിരിക്കെ അവയുടെ ദുർബലത ചൂണ്ടിക്കാട്ടപ്പെട്ടതിൽ അസ്വാഭാവികതയില്ല. ഹദീസ് നിദാനശാസ്ത്രത്തിൽ സൂക്ഷ്മജ്ഞാനമുള്ള ഇമാം, ഹദീസുകളെ തലനാരിഴകീറി പരിശോധിച്ച ശേഷം വന്ന മാനുഷികമായ പരിമിതികളായേ ഈ സ്ഖലിതങ്ങളെ കാണാനാവൂ.

അബൂഉംറാൻ ഈസബ്നു ഉമറുബ്നുൽ അബ്ബാസ് അസ്സമർഖന്ദിയുടെ നിവേദനം വഴിയാണ് സുനനു ദ്ദാരിമി പ്രസിദ്ധി നേടിയത്. അദ്ദേഹത്തെക്കുറിച്ച് ഇമാം അദ്ദഹബി പറഞ്ഞു: 'അബൂമുഹമ്മദ് അദ്ദാരിമിയിൽനിന്ന് *മുസ്നദ്* നിവേദനം ചെയ്ത, അദ്ദേഹത്തിന്റെ കൂട്ടുകാരനും സത്യസന്ധനായ ഹദീസ് പണ്ഡിതനും സ്വീകാര്യനായ ശൈഖുമാണ് സമർഖന്ദി.'

എഴുപത്തഞ്ചാം വയസ്സിൽ ഹി. 255-ലാണ് ഇമാം ദാരിമി മരണമടഞ്ഞത്. അദ്ദേഹത്തിന്റെ മരണവാർത്തയറിഞ്ഞ ഇമാം ബുഖാരി ഏറെ നേരം തലതാഴ്ത്തിയിരുന്നു. പിന്നീട് തലയുയർത്തി *ഇസ്തിർജാഅ്*


ചൊല്ലി. അദ്ദേഹത്തിന്റെ കവിളിലൂടെ കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു.

### ഇമാം അഹ്മദിന്റെ *മുസ്നദ്*

ഹിജ്റ 164-ൽ റബീഉൽ അവ്വൽ 20-ന് ബഗ്ദാദിലാണ് ഇമാം അഹ്മദുബ്നു ഹമ്പലിന്റെ ജനനം. അഹ്മദുബ്നു മുഹമ്മദുബ്നു ഹമ്പലുബ്നു ഹിലാലുബ്നു അസദ് എന്നാണ് പൂർണനാമം. ചെറുപ്രായത്തിൽ തന്നെ ഖുർആൻ ഹൃദിസ്ഥമാക്കി. പതിനാലാം വയസ്സ് മുതൽ ഹദീസ് പഠനം തുടങ്ങി. ഇമാം അബൂഹനീഫയുടെ ശിഷ്യനായ അബൂയൂസുഫിൽ നിന്നാണ് ആദ്യമായി ഹദീസ് പഠിച്ചത്. ബഗ്ദാദിലെ പ്രഗത്ഭ പണ്ഡിതനായ ഇബ്റാഹീമുന്നഖഇയുടെ ശിഷ്യൻ ഹുശൈമുബ്നു ബശീർ ഇമാം അഹ്മദിന്റെ പ്രധാനഗുരുവായി അറിയപ്പെടുന്നു. ഹുശൈമുബ്നു ബശീർ മരണമടഞ്ഞ ഹിജ്റ 183 വരെ ഹദീസ് ശേഖരണാർഥം ഇമാം അഹ്മദ് ബഗ്ദാദ് വിട്ട് പോയിരുന്നില്ല. ഹിജ്റ 179-ൽ ഹുശൈമുബ്നു ബശീറിൽനിന്ന് ഹജ്ജുമായി ബന്ധപ്പെട്ട വിഷയത്തിൽ മാത്രം ആയിരത്തോളം ഹദീസുകൾ കേട്ടെഴുതിയതായി ഇമാം അഹ്മദ് തന്നെ അനുസ്മരിച്ചിട്ടുണ്ട്. ഹദീസിന് പുറമെ ഭാഷാശാസ്ത്രം, കർമശാസ്ത്രം, ഹദീസ് നിദാനശാസ്ത്രം, ഹദീസ് നിരൂപണശാസ്ത്രം എന്നിവയിൽ അഗാധ പാണ്ഡിത്യമുണ്ടായിരുന്നു അദ്ദേഹത്തിന്.

ബസ്വ്റ, കൂഫ, മക്ക, യമൻ, ഈജിപ്ത്, വാസിത്വ്, ഉബാദാൻ, റയ്യ്, രിഖഃ, ത്വർസൂസ് തുടങ്ങി വിവിധ നാടുകളിൽ പലകുറി ഇമാം അഹ്മദ് സഞ്ചരിച്ചു. ചുമട്ടുതൊഴിലടക്കം ചെയ്തുകൊണ്ടാണ് യാത്രാചെലവുകൾ അദ്ദേഹം സ്വരൂപിച്ചിരുന്നത്. അദ്ദേഹം നടത്തിയ അഞ്ചു ഹജ്ജ്‌യാത്രകളിൽ മൂന്നെണ്ണം കാൽനടയായിരുന്നു. ഹിജ്റ 198-ൽ ഹജ്ജിനുള്ള യാത്രാമധ്യേ യമനിലെ പ്രമുഖപണ്ഡിതൻ അബ്ദുർറസ്സാഖുബ്നു ഹുമാമിനെ അഹ്മദുബ്നു ഹമ്പൽ കണ്ടുമുട്ടിയെങ്കിലും മക്കയിലെത്തിയശേഷം അദ്ദേഹത്തിൽനിന്ന് ഹദീസ് പഠിക്കാൻ തുനിഞ്ഞില്ല. ഹജ്ജ് കഴിഞ്ഞ ശേഷം അബ്ദുർറസ്സാഖിന്റെ സ്വദേശമായ സൻആയിൽ നടന്നുചെന്ന് ഹദീസ് പഠിക്കുകയായിരുന്നു. രണ്ടു വർഷത്തെ പഠന ചെലവുകൾ സ്വയം അധ്വാനിച്ച് കണ്ടെത്തുകയും ചെയ്തു. 'ഖബ്റിലെത്തുവോളം വിജ്ഞാനം തേടിയുള്ള ഈ അലച്ചിൽ തുടരുമെ'ന്നായിരുന്നു തന്റെ യാത്രകളെക്കുറിച്ച് ഇമാം പറഞ്ഞത്.

ഇമാം അഹ്മദിന് ഒരു സ്ത്രീ ഉൾപ്പെടെ 415 ഗുരുനാഥന്മാരുണ്ടെന്ന് ഇമാം ഇബ്നുൽ ജൗസി രേഖപ്പെടുത്തിയിട്ടുണ്ട്. തന്റെ *മുസ്നദിന്* അദ്ദേഹം അവലംബിച്ചവരുടെ എണ്ണം 292 ആണെന്ന് *മുഅ്ജമു ശുയൂഖിൽ ഇമാം അഹ്മദ്* എന്ന കൃതിയിൽ കാണാം. ഇമാംതന്നെ പരാമർശിച്ച തന്റെ ഗുരുവര്യന്മാരുടെ പട്ടികയിൽനിന്ന് ഏതാനും പേരുകൾ: ഹുശൈമുബ്നു ബശീർ, സുഫ്‌യാനുബ്നു ഉയൈന, ഇബ്റാഹീമുബ്നു സഅ്ദ്, യഹ്‌യബ്നു ആദം, യഹ്‌യബ്നു സഈദുൽ ഖത്ത്വാൻ, അൽവലീദുബ്നു മുസ്‌ലിം, ഇമാം ശാഫിഈ, ഖാദി അബൂയൂസുഫ്, വകീഉബ്നു ജർറാഹ്, ഇസ്മാഈലുബ്നു അലിയ്യ്, അലിയ്യുബ്നു ഹാശിമുബ്നുൽ ബരീദ്.........




ഇമാം അഹ്മദിന്റെ ഹദീസ്‌വിജ്ഞാന സദസ്സിൽ അയ്യായിരത്തോളം ആളുകൾ ഒരുമിച്ചുകൂടുമായിരുന്നെന്ന് ഇമാം ദഹബി രേഖപ്പെടുത്തിയിട്ടുണ്ട്. *സ്വിഹാഹുസ്സിത്തഃ*യുടെ കർത്താക്കളായ ഇമാം ബുഖാരി, ഇമാം മുസ്‌ലിം, ഇമാം അബൂദാവൂദ്, ഇമാം തിർമിദി, ഇമാം ഇബ്നുമാജ, ഇമാം നസാഈ എന്നിവർ നേരിട്ടോ അല്ലാതെയോ ഇമാം അഹ്മദിൽനിന്ന് ഹദീസുദ്ധരിച്ചിട്ടുണ്ട്. ഇമാമിന്റെ ഗുരുനാഥന്മാരായ അബ്ദുർറസ്സാഖ്, അബ്ദുർറഹ്മാനുബ്നു മഹ്ദി, വകീഉബ്നു ജർറാഹ്, ഇമാം ശാഫിഈ, യഹ്‌യബ്നു ആദം, ഹസനുബ്നു മൂസൽ അശ്‌യബ് എന്നിവരും അദ്ദേഹത്തിൽനിന്ന് ഹദീസുദ്ധരിച്ചവരാണ്. ഇമാമിന്റെ മറ്റു ചില ശിഷ്യന്മാർ, അലിയ്യുബ്നുൽ മദീനി, യഹ്‌യബ്നു മുഅയ്യൻ, ദഹീമുശ്ശാമി, അഹ്മദുബ്നു അബിൽ ഹവാരി, അഹ്മദുബ്നു സ്വാലിഹുൽ മിസ്‌രി എന്നിവരാണ്.

ഇമാമിന്റെ സുപ്രധാന ഗ്രന്ഥങ്ങളിലൊന്നാണ് *മുസ്നദ്* എന്നറിയപ്പെടുന്ന ഹദീസ് സമാഹാരം. ഒരു സ്വഹാബിയുടെ മുഴുവൻ ഹദീസുകളും ഒരു അധ്യായത്തിൽ സമാഹരിക്കുന്ന വിധമായിരുന്നു *മുസ്നദിന്റെ* ക്രോഡീകരണം. ഉദാഹരണത്തിന്, അബൂബക്ർ സ്വിദ്ദീഖി(റ)ന്റെ പേരിന് താഴെ അദ്ദേഹത്തിന്റെ മുഴുവൻ ഹദീസുകളും രേഖപ്പെടുത്തും. വിഷയവൈവിധ്യം പരിഗണിച്ചിരുന്നില്ല. അദ്ദേഹം അന്നോളമുള്ള ഹദീസ്

**ഒരു സ്വഹാബിയുടെ മുഴുവൻ ഹദീസുകളും ഒരു അധ്യായത്തിൽ സമാഹരിക്കുന്ന വിധമായിരുന്നു *മുസ്നദിന്റെ* ക്രോഡീകരണം. ഉദാഹരണത്തിന്, അബൂബക്ർ സ്വിദ്ദീഖി(റ)ന്റെ പേരിന് താഴെ അദ്ദേഹത്തിന്റെ മുഴുവൻ ഹദീസുകളും രേഖപ്പെടുത്തും. വിഷയവൈവിധ്യം പരിഗണിച്ചിരുന്നില്ല. ഇമാം അഹ്മദിന്റെ *മുസ്നദ്* ഹദീസ് പണ്ഡിതന്മാരുടെ അവലംബകൃതിയും പിൻപറ്റാവുന്ന *ഇമാമും* തർക്കങ്ങളുടെ പരിഹാരവുമാണെന്ന് ഹാഫിള് അബൂമൂസൽ മദീനി അഭിപ്രായപ്പെടുന്നു.**

**_അൽമുസ്നദി_ലെ വ്യാജമെന്ന് പറയപ്പെടുന്ന ഹദീസുകൾ അഹ്മദിന്റെ നിവേദനങ്ങളിൽ പെട്ടതല്ലെന്നാണ് ഇമാം ഇബ്നു തൈമിയ്യയുടെ അഭിപ്രായം. അബ്ദുല്ലയിൽനിന്ന് _മുസ്നദ്_ നിവേദനം ചെയ്ത അബൂബക്റിൽ ഖതീഇ കൂട്ടിച്ചേർത്ത ഹദീസുകളിലാണ് വ്യാജ ഹദീസ് കടന്നുകൂടിയത് എന്നത്രെ അദ്ദേഹത്തിന്റെ പക്ഷം. ഏതാനും ദുർബല/വ്യാജ ഹദീസുകളുടെ സാന്നിധ്യം, _അൽമുസ്നദ്_പോലുള്ള മഹത്തായ ഗ്രന്ഥത്തിന്റെ പ്രാധാന്യം കുറക്കുന്നില്ലെന്ന കാര്യം ശ്രദ്ധേയമാണ്.**

സമാഹരണ ശ്രമങ്ങൾ വിശകലനം ചെയ്തു. പ്രവാചക വചനങ്ങളും സ്വഹാബി വചനങ്ങളുമെല്ലാം കൂട്ടിക്കലർത്തിയുള്ള ചില രീതികൾ ശ്രദ്ധയിൽപെട്ടപ്പോൾ, ജനങ്ങൾക്ക് ഒരു നേതാവിന്റെ പ്രയോജനം ചെയ്യുന്ന തരത്തിലുള്ള ഒരു ഗ്രന്ഥം അത്യാവശ്യമാണെന്ന് അദ്ദേഹം കണ്ടു. *മുസ്നദി*ന്റെ രചനോദ്ദേശ്യത്തെക്കുറിച്ച് ഇമാം പറഞ്ഞു: 'ഈ ഗ്രന്ഥത്തെ ഒരു *ഇമാമാ*യാണ് ഞാൻ അവതരിപ്പിച്ചത്. പ്രവാചകചര്യയുടെ കാര്യത്തിൽ ജനങ്ങൾക്കിടയിൽ ഭിന്നത ഉടലെടുത്താൽ അവർക്ക് തർക്കപരിഹാരത്തിന് അവലംബിക്കാവുന്ന അത്താണിയായി." ഇമാം അഹ്മദിന്റെ *മുസ്നദ്* ഹദീസ് പണ്ഡിതന്മാരുടെ അവലംബകൃതിയും പിൻപറ്റാവുന്ന *ഇമാമും* തർക്കങ്ങളുടെ പരിഹാരവുമാണെന്ന് ഹാഫിള് അബൂമൂസൽ മദീനി അഭിപ്രായപ്പെടുന്നു.

ഇമാം അഹ്മദിന്റെ മരണശേഷം മകൻ അബ്ദുല്ലയാണ് *മുസ്നദ്* ഇന്ന്കാണുന്ന രീതിയിൽ ഗ്രന്ഥരൂപത്തിൽ ക്രോഡീകരിച്ചത്. സ്വർഗം ലഭിക്കുമെന്ന് സന്തോഷവാർത്ത അറിയിക്കപ്പെട്ട പത്തു മഹാന്മാർ (*അശ്റത്തുൽ മുബശ്ശിരീൻ*) നിവേദനം ചെയ്ത ഹദീസുകൾക്കാണ് ഗ്രന്ഥക്രോഡീകരണത്തിൽ പ്രാമുഖ്യം നൽകിയത്. കൂടുതൽ നിവേദനം ചെയ്തവർക്കാണ് അടുത്ത പരിഗണന. ഹദീസ് ശേഖരണാർഥം സന്ദർശിച്ച നാടുകളെ മുൻനിർത്തി മക്കക്കാർ, മദീനക്കാർ, കൂഫക്കാർ, ബസ്വറക്കാർ, സിറിയക്കാർ എന്നിങ്ങനെയാണ് ക്രോഡീകരണക്രമം.

*അൽമുസ്നദിൽ* ദുർബലഹദീസുകളും വ്യാജ നിവേദനങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്ന് അബുൽ ഫറാജ്, ഇബ്നുൽ ജൗസി മുതലായ പണ്ഡിതന്മാർക്ക് അഭിപ്രായമുണ്ട്. ഇബ്നുൽ ജൗസി *അൽമുസ്നദിൽ* 29 വ്യാജ നിവേദനങ്ങൾ കടന്നുകൂടിയതായി സമർഥിക്കുന്നു. ഇമാം ദഹബി പറഞ്ഞു: '*അൽമുസ്നദിൽ* വ്യാജ നിർമിതികൾക്ക് (മൗദൂഅ്) സമാനമായ ഹദീസുകളുണ്ട്. പക്ഷേ, അത് സമുദ്രത്തിലെ ഏതാനും ജലത്തുള്ളികളുടെ അത്രയേ ഉള്ളൂ.' *അൽമുസ്നദി*ലെ വ്യാജമെന്ന് പറയപ്പെടുന്ന ഹദീസുകൾ അഹ്മദിന്റെ നിവേദനങ്ങളിൽ പെട്ടതല്ലെന്നാണ് ഇമാം ഇബ്നു തൈമിയ്യയുടെ അഭിപ്രായം. അബ്ദുല്ലയിൽനിന്ന് *മുസ്നദ്* നിവേദനം ചെയ്ത അബൂബക്റിൽ ഖതീഇ കൂട്ടിച്ചേർത്ത ഹദീസുകളിലാണ് വ്യാജ ഹദീസ് കടന്നുകൂടിയത് എന്നത്രെ അദ്ദേഹത്തിന്റെ പക്ഷം. ഏതാനും ദുർബല/വ്യാജ ഹദീസുകളുടെ സാന്നിധ്യം, *അൽമുസ്നദ്* പോലുള്ള മഹത്തായ ഗ്രന്ഥത്തിന്റെ പ്രാധാന്യം കുറക്കുന്നില്ലെന്ന കാര്യം ശ്രദ്ധേയമാണ്.

*അൽമുസ്നദ്* പഠിക്കാനും മനഃപാഠമാക്കാനും പണ്ഡിതന്മാർ പ്രദർശിപ്പിച്ച താൽപര്യം അപാരമാണ്. അബൂമൂസൽ മദീനി, അതിന്റെ നൂറോളം ഭാഗങ്ങൾ മനഃപാഠമാക്കിയിരുന്നു. 'ഇമാം അഹ്മദിന്റെ *മുസ്നദ്* സമുദായത്തിന് ലഭിച്ചത് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹം തന്നെ.' അദ്ദേഹം പറയുമായിരുന്നു. ഇബ്നുൽ ജസരി ഉദ്ധരിക്കുന്നു: ശൈഖ് ഇമാം അബുൽ ഹസൻ അലിയ്യുബ്നു മുഹമ്മദിനോട് ഒരാൾ ചോദിച്ചു: '*സ്വിഹാഹുസ്സിത്തഃ* നിങ്ങൾ മനഃപാഠമാക്കിയിട്ടുണ്ടോ?', 'ഞാനത് മനഃപാഠമാക്കിയിട്ടുണ്ട്, എന്നാൽ മനഃപാഠമാക്കിയിട്ടുമില്ല' - അദ്ദേഹത്തിന്റെ മറുപടി. 'അതെങ്ങനെയാണ്?' - ചോദ്യകർത്താവ് ആരാഞ്ഞു. ഞാൻ 'മുസ്നദ് അഹ്മദ്' മനഃപാഠമാക്കിയിട്ടുണ്ട്. 'സ്വിഹാഹുസ്സിത്തഃ'യിലുള്ളതിൽനിന്ന് അൽപമൊഴിച്ച് ബാക്കിയെല്ലാം 'മുസ്നദി'ൽ തന്നെയുണ്ട്' - അദ്ദേഹത്തിന്റെ മറുപടി.

ഒട്ടേറെ പഠനങ്ങൾ *മുസ്നദി*നെ പുരസ്കരിച്ച് പുറത്തുവന്നു എന്നത് പണ്ഡിതന്മാർ പ്രസ്തുത ഗ്രന്ഥത്തിന് നൽകിയ പരിഗണനയാണ് വിളിച്ചോതുന്നത്. അവയിൽ പലതിന്റെയും കയ്യെഴുത്ത് പ്രതികൾ കാലക്രമത്തിൽ നശിച്ചുപോയി. ചിലത് മാത്രമേ പ്രസിദ്ധീകൃതമായിട്ടുള്ളൂ. ഇബ്നു അസാകിറിന്റെ *തർതീബു അസ്മാഇസ്സ്വഹാബ*യും ഇബ്നു മുഹിബ്ബിന്റെ *തർതീബുൽ മുസ്നദും* ഹാഫിളുബ്നു ഹജറിന്റെ *അത്റാഫുൽ മുസ്നദും* ഇമാം അലിയ്യുബ്നുൽ ഹുസൈനിബ്നു ഉർവതുബ്നു സുക്നൂനിന്റെ *തർതീബു മുസ്നദ്*



*അഹ്മദ് അലാ അബ്‌വാബി സ്വഹീഹുൽ ബുഖാരി*യും അക്കൂട്ടത്തിൽ പെടുന്നു.

സ്വഹീഹുൽ ബുഖാരിയിലും സ്വഹീഹ് മുസ്‌ലിമിലും ഉള്ളതുപോലുള്ള ആവർത്തനങ്ങൾ *അൽമുസ്നദി*ലും വന്നിട്ടുണ്ട്. അവ പക്ഷേ, അനാവശ്യമായ ആവർത്തനങ്ങളല്ല. പ്രത്യേക ഉദ്ദേശ്യങ്ങളോടെ ഉള്ളതാണ്.

75-ാം വയസ്സിൽ ഹിജ്റ 241 റബീഉൽ അവ്വലിൽ ഇമാം അഹ്മദ് മരിച്ചു.

### ഇമാം മാലികിന്റെ *മുവത്ത്വ*

ഹിജ്റ 93-ൽ മദീനയിലാണ് ഇമാം മാലിക് ജനിച്ചത്. പൂർണനാമം മാലികുബ്നു അനസുബ്നു മാലികുബ്നു അബീ ആമിർ. ചെറുപ്പത്തിലേ അപാരമായ ബുദ്ധികൂർമതയും മനപാഠശേഷിയും പ്രകടിപ്പിച്ചിരുന്നു മാലിക്. ഹദീസ് വിജ്ഞാനം തേടി പുറംനാടുകളിൽ യാത്രകൾ നടത്തിയിരുന്നില്ല. അനേകം താബിഈ പണ്ഡിതന്മാരിൽനിന്ന് അദ്ദേഹം വിജ്ഞാനം നേടി. നാഫിഅ് മൗലാ അബ്ദില്ലാഹിബ്നു ഉമർ അക്കൂട്ടത്തിൽ പ്രധാനിയാണ്. നാഫിഇന്റെ അടുക്കൽ മാലികിന് പ്രത്യേക സ്ഥാനമുണ്ടായിരുന്നു. അതേക്കുറിച്ച് മാലിക്(റ) പറയുന്നു: "ഞാൻ കൊച്ചു കുട്ടിയായിരിക്കെ നാഫിഇന്റെ അടുത്ത് ചെല്ലുമായിരുന്നു. അദ്ദേഹം എന്റെയടുത്തേക്കിറങ്ങി വന്ന് ഹദീസ് പഠിപ്പിച്ചുതരുമായിരുന്നു." നാഫിഉം മാലികും ഉൾപ്പെട്ടതാണ് ഏറ്റവും പ്രാമാണികമായ ഹദീസ് നിവേദക പരമ്പര. 'ഇബ്നു ഉമറിൽനിന്ന് നാഫിഅ്, നാഫിഇൽനിന്ന് മാലിക്' എന്ന നിവേദക ത്രയം, സുവർണച്ചങ്ങല (സിൽസിലത്തുദ്ദഹബ്) എന്നാണറിയപ്പെടുന്നത്. ഏറ്റവും വിശ്വസ്തരിൽനിന്ന് മാത്രമേ ഹദീസ് ഉദ്ധരിക്കുമായിരുന്നുള്ളൂ. എല്ലാവരിൽനിന്നും കേൾക്കുകയും കേട്ടതെല്ലാം ഉദ്ധരിക്കുകയും ചെയ്യുന്ന ശീലം അദ്ദേഹത്തിനില്ലായിരുന്നു. ഇമാം മാലികിന്റെ കൂട്ടുകാരും സമകാലികരുമായ ഒട്ടേറെ പേർ അദ്ദേഹത്തിന്റെ ഈ സൂക്ഷ്മത സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മക്കക്കാരുടെ ഇമാമായ സുഫ്‌യാനുബ്നു ഉയൈന പറഞ്ഞു: 'നിവേദകരുടെ കാര്യത്തിൽ അങ്ങേയറ്റത്തെ കണിശത പുലർത്തിയ മാലികിനെ അല്ലാഹു അനുഗ്രഹിക്കട്ടെ. വിശ്വസ്തരിൽനിന്ന് മാത്രമേ അദ്ദേഹം ഹദീസ് ഉദ്ധരിക്കുകയുള്ളൂ. അതിനാൽ പ്രബല ഹദീസുകൾ മാത്രമേ മാലികിന്റെ പക്കലെത്തിയിട്ടുള്ളൂ. അദ്ദേഹത്തിന്റെ മരണശേഷം വിജ്ഞാനകാര്യത്തിൽ മദീന വരണ്ടുണങ്ങുമെന്ന് എനിക്ക് തോന്നുന്നു.' ഇമാം ശാഫിഈ(റ) പറയുന്നു: 'പണ്ഡിതന്മാരിലെ നക്ഷത്രമാണ് ഇമാം മാലിക്. ഒരു ഹദീസിൽ വല്ല സംശയവും ജനിച്ചാൽ ഹദീസ് പാടെ തിരസ്കരിക്കുമായിരുന്നു അദ്ദേഹം. അത്രത്തോളം സൂക്ഷ്മതയാണദ്ദേഹത്തിന്.' ഫിഖ്ഹിൽ എതിരാളിയില്ലാത്ത യോദ്ധാവായിരുന്നു മാലിക്(റ). വിജ്ഞാനത്തിന്റെ വിഷയത്തിൽ ഔസാഈ, ലൈസ്, ഹമ്മാദ്, ഹകം എന്നിവർക്ക് മുന്നിലാണ്, ഇമാം അഹ്മദുബ്നു ഹമ്പൽ അദ്ദേഹത്തെ പ്രതിഷ്ഠിക്കുന്നത്. 'മാലികും ഇബ്നു ഉയൈനയും ഇല്ലായിരുന്നെങ്കിൽ ഹിജാസിന്റെ വിജ്ഞാനം നശിച്ചുപോകുമായിരുന്നു' വെന്ന് ഇമാം ശാഫിഈ പറയുന്നു. യഹ്‌യബ്നു സഈദുൽ ഖത്താൻ പറഞ്ഞു: 'മാലികിനേക്കാൾ ഹദീസിൽ പ്രാബല്യമുള്ളവർ മറ്റാരുമില്ല. ഹദീസിലെ ഇമാമാണദ്ദേഹം; പിൻപറ്റപ്പെടുന്ന നേതാവും.' ഇമാം മാലികി(റ)ന്റെ ഗുരുനാഥന്മാരിൽ ചിലർ: അബുസ്സനാദ് അബ്ദുല്ലാഹിബ്നു സക്‌വാൻ, ഹിശാമുബ്നു ഉർവതുബ്നു സുബൈർ, യഹ്‌യബ്നു സഈദിൽ അൻസ്വാരി, അബ്ദുല്ലാഹിബ്നു ദീനാർ, സൈദുബ്നു അസ്‌ലം മൗലാ ഉമർ, മുഹമ്മദുബ്നു മുസ്‌ലിമുബ്നു ശിഹാബുസ്സുഹ്‌രി.




മഅ്മറുബ്നു റാശിദ്, അബ്ദുൽ മലികുബ്നു ജുറൈജ്, അബൂഹനീഫത്തുന്നുഅ്മാനുബ്നു സാബിത്, ശുഅ്ബതുബ്നുൽ ഹജ്ജാജ്, സുഫ്‌യാനുബ്നു സഈദുസ്സൗരി, അബ്ദുല്ലാഹിബ്നുൽ മുബാറക്, മുഹമ്മദുബ്നു ഇദ്‌രീസുശ്ശാഫിഈ എന്നിവർ മാലികിൽനിന്ന് ഹദീസ് ഉദ്ധരിച്ച അദ്ദേഹത്തിന്റെ ശിഷ്യന്മാരാണ്.

ഇമാം മാലികിന്റെ കാലത്താണ് സുന്നത്ത് ക്രോഡീകരണ യത്നങ്ങളും ആരംഭിച്ചത്. മുസ്‌ലിം പൊതുജനത്തിന് അവലംബിക്കാവുന്ന ഇസ്‌ലാമിക നിയമങ്ങളുൾക്കൊള്ളുന്ന ഒരു ഹദീസ് ഗ്രന്ഥം ഇമാം തയ്യാറാക്കി. അതാണ് *മുവത്ത്വ.*

*മുവത്ത്വ* എന്ന പേരിനെക്കുറിച്ച് ഇമാം മാലിക്: 'ഞാനെന്റെ ഗ്രന്ഥം മദീനയിലെ എഴുപത് ഫുഖഹാക്കൾക്ക് മുമ്പാകെ സമർപ്പിച്ചു. എല്ലാവരും എന്നോട് യോജിക്കുകയായിരുന്നു. അങ്ങനെയാണ് 'യോജിപ്പ്' എന്ന അർഥത്തിൽ *മുവത്ത്വ* എന്ന പേര് ഗ്രന്ഥത്തിനിട്ടത്." 'ശരിപ്പെടുത്തിയത്' എന്ന അർഥത്തിലാണ് *മുവത്ത്വ* എന്ന നാമധേയം നൽകിയതെന്നും അഭിപ്രായമുണ്ട്. ഒരുലക്ഷം ഹദീസുകൾ ഇമാം മാലിക്(റ) നിവേദനം ചെയ്തു. അതിൽ പതിനായിരം അദ്ദേഹം തെരഞ്ഞെടുത്തു. പിന്നീടവ നിരന്തര പരിശോധനകൾക്കും സംശോധനകൾക്കും വിധേയമാക്കിക്കൊണ്ടിരുന്നു. നാൽപതു കൊല്ലം ആ പ്രക്രിയ തുടർന്നുവെന്ന് പറയപ്പെടുന്നു. അങ്ങനെയാണ് ഇന്ന് *മുവത്ത്വ*യിലുള്ള എണ്ണത്തിലേക്കത് പരിമിതപ്പെടുത്തിയത്. അബുൽ ഹസനുബ്നു ഫഹർ പറയുന്നു: 'മാലികിന് മുമ്പ് മറ്റാരും ഗ്രന്ഥങ്ങൾക്ക് ഇതുപോലുള്ള വ്യത്യസ്തതയുള്ള നാമധേയം നൽകിയിരുന്നില്ല. 'ഗ്രന്ഥം' എന്ന അർഥത്തിൽ *മുസ്വന്നഫ്, മുഅല്ലഫ്* എന്നിങ്ങനെയായിരുന്നു അദ്ദേഹത്തിന്റെ സമകാലികരായ പലരും ഗ്രന്ഥങ്ങൾക്ക് പേരിട്ടത്." ഖലീഫ അബൂജഅ്ഫറിൽ മൻസ്വൂറിന്റെ പ്രേരണയാലാണ് ഇമാം മാലിക് *മുവത്ത്വ* രചിച്ചത്. 'ഇബ്നു ഉമറിന്റെ കടുംപിടുത്തങ്ങളും ഇബ്നു അബ്ബാസിന്റെ മൃദു സമീപനങ്ങളും ഇബ്നു മസ്ഊദിന്റെ അപൂർവാഭിപ്രായങ്ങളും ഒഴിച്ചുനിർത്തി, മധ്യമ നിലപാടിലുള്ള ഒരു ഗ്രന്ഥം താങ്കൾ രചിക്കണ'മെന്നും, 'എനിക്ക് ജനങ്ങളിൽ ചുമത്താൻ കഴിയുന്ന തരത്തിൽ ഒരു ഗ്രന്ഥം രചിക്കണ'മെന്നും അബൂജഅ്ഫറുൽ മൻസ്വൂർ അദ്ദേഹത്തോട് ആവശ്യപ്പെട്ടതായി നിവേദനങ്ങളുണ്ട്.

'മർഫൂഅ്' ആയ ഹദീസുകൾക്ക് പുറമെ, സ്വഹാബികളുടെയും താബിഉകളുടെയും വചനങ്ങളും മദീനയിലെ കർമശാസ്ത്ര പണ്ഡിതന്മാരുടെയും വിജ്ഞരുടെയും അഭിപ്രായങ്ങളും ഉൾപ്പെട്ടതാണ് *മുവത്ത്വ.* അതോടൊപ്പം മാലികിന്റെ അഭിപ്രായങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ അധ്യായത്തിലും നബിയിൽനിന്ന് നേരിട്ടുദ്ധരിച്ച 'മർഫൂഅ്' ആയ ഹദീസുകളും സ്വഹാബികളുടെയും താബിഉകളുടെയും വചനങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. സ്വഹാബി/താബിഈ വചനങ്ങൾ മിക്കവാറും മദീനക്കാരുടേത് തന്നെയാണ്. ചിലയിടങ്ങളിൽ ഹദീസുകളിലെ പദങ്ങളും സന്ദർഭങ്ങളും വിശദീകരിച്ചിട്ടുണ്ട്. ഹിജ്റ രണ്ടാം നൂറ്റാണ്ടിൽ തന്നെ സമുദായത്തിന് ലഭിച്ച ഹദീസ്‌സമാഹാരമാണ് *മുവത്ത്വ.* മുൻകാല പണ്ഡിതന്മാർ ഈ പ്രാധാന്യം *മുവത്ത്വ*ക്ക് കൽപിച്ചരുളുകയും ചെയ്തു. ഹനഫീ മദ്ഹബിന്റെ വക്താവായ മുഹമ്മദുബ്നു ഹസനും ഇമാം ശാഫിഈയും ഇമാം ഔസാഈയുമെല്ലാം മാലികിൽനിന്ന് ഉദ്ധരിക്കുകയുണ്ടായി. ഹനഫി, ശാഫിഈ പണ്ഡിതന്മാർ

**'മർഫൂഅ്' ആയ ഹദീസുകൾക്ക് പുറമെ, സ്വഹാബിക ളുടെയും താബിഉകളുടെയും വചനങ്ങളും മദീനയിലെ കർമശാസ്ത്ര പണ്ഡിതന്മാരുടെയും വിജ്ഞരുടെയും അഭിപ്രായങ്ങളും ഉൾപ്പെട്ടതാണ് *മുവത്വ.* അതോടൊപ്പം മാലികിന്റെ അഭിപ്രായങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ അധ്യായത്തിലും നബിയിൽനിന്ന് നേരിട്ടുദ്ധരിച്ച 'മർഫൂഅ്' ആയ ഹദീസുകളും സ്വഹാബികളുടെയും താബിഉകളുടെയും വചനങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. സ്വഹാബി/താബിഈ വചനങ്ങൾ മിക്കവാറും മദീനക്കാ രുടേത് തന്നെയാണ്. ചിലയിടങ്ങളിൽ ഹദീസുകളിലെ പദങ്ങളും സന്ദർഭങ്ങളും വിശദീകരിച്ചിട്ടുണ്ട്. ഹിജ്റ രണ്ടാം നൂറ്റാണ്ടിൽ സമുദായത്തിന് ലഭിച്ച, ഏറ്റവും പഴക്കംചെന്ന ഹദീസ്സമാഹാരമാണ് *മുവത്വ.***



*മുവത്വ*ക്ക് വ്യാഖ്യാനം (ശർഹ്) എഴുതുകയും ചെയ്തു. സ്വന്തം മദ്ഹബിന്റെയും ഇമാമിന്റെയും ഗ്രന്ഥമെന്ന നിലക്ക് മാലികീ മദ്ഹബുകാർ *മുവത്വ*ക്ക് കൂടുതൽ പരിഗണന നൽകിയിട്ടുണ്ടെന്നത് മറ്റൊരു കാര്യം. *മുവത്വ* വെറുമൊരു *ഫിഖ്ഹ്* ഗ്രന്ഥമാണെന്ന് ചിലർക്ക് വാദമുണ്ട്. അത് ശരിയല്ല. അങ്ങനെയെങ്കിൽ വിവിധ മദ്ഹബുകളിലെ പണ്ഡിതകേസരി കളുടെ *ഇജ്മാഅ്* (സംയുക്താഭിപ്രായം) അതിന് ലഭിക്കുമാ യിരുന്നില്ല. കർമശാസ്ത്ര ഉദ്ദേശ്യങ്ങളോടെയുള്ള അധ്യായവി ഭജനം, *മുവത്വ* ഹദീസ് ഗ്രന്ഥമാകാതിരിക്കാനുള്ള ന്യായമ ല്ല. ഇമാം ബുഖാരിയും തന്റെ ഹദീസ് ഗ്രന്ഥത്തിന് കർമശാ സ്ത്രാടിസ്ഥാനത്തിലുള്ള അധ്യായക്രമം നൽകിയിരുന്നുവ ല്ലോ.

സുന്നത്തിൽ *മുവത്വ*യുടെ സ്ഥാനത്തെക്കുറിച്ച് പണ്ഡി തന്മാർ വിവിധ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. ഇമാം മാലി കിനുള്ള സ്ഥാനം പരിഗണിച്ച് സ്വഹീഹു ബുഖാരിക്കും സ്വഹീഹു മുസ്‌ലിമിന്നും മുകളിലാണ് *മുവത്വ*യുടെ സ്ഥാന മെന്ന് ഒരുവിഭാഗം പറയുന്നു. അവക്കു താഴെയാണ് *മുവത്വ* യുടെ സ്ഥാനമെന്നാണ് മറ്റൊരു വിഭാഗത്തിന്റെ വീക്ഷണം. ഭൂരിപക്ഷം മുഹദ്ദിസുകളും ഈ പക്ഷക്കാരാണ്. *മുവത്വ*ക്ക് ലഭിച്ച പണ്ഡിതസാക്ഷ്യങ്ങളിൽ ചിലത് ശ്രദ്ധിക്കുക. മാലി കിന്റെ ശിഷ്യനായ ഇമാം ശാഫിഈ(റ): 'മാലികിന്റെ ഗ്രന്ഥ ത്തേക്കാൾ പ്രബലമായ മറ്റൊന്ന് ഈ ഭൂമിയിലില്ല.' മറ്റൊരു ശിഷ്യനായ അബ്ദുർറഹ്മാനുബ്നു മഹ്ദി: 'അല്ലാഹുവിന്റെ ഗ്രന്ഥത്തിന് ശേഷം, ജനോപകാരപ്രദമായ മറ്റൊരു ഗ്രന്ഥം *മുവത്വ*യല്ലാതെ കണ്ടിട്ടില്ല'. അബ്ദുല്ലാഹിബ്നു വഹബ്: '*മുവത്വ* കൈവശമുള്ളവന്, ഹലാലും ഹറാമും വേറെ രേഖ പ്പെടുത്തി സൂക്ഷിക്കേണ്ട ആവശ്യമില്ല.'

രണ്ടു *സ്വഹീഹും* രചിക്കപ്പെടുന്നതിന് മുമ്പേയുള്ള ഗ്രന്ഥമാണ് *മുവത്വ. സ്വഹീഹൈനി* വന്നതോടെ പ്രാബല്യ ത്തിന്റെയും സമഗ്രതയുടെയും വിഷയങ്ങളിൽ, ജനം സ്വാഭാ വികമായി അവയിലേക്ക് തിരിഞ്ഞു. കർമശാസ്ത്ര തലത്തിൽ *മുവത്വ*യുടെ പ്രാധാന്യം ശക്തിപ്പെടുകയും ചെയ്തു. *മുർസലും* (സ്വഹാബി ഇല്ലാത്ത നിവേദക പരമ്പരയോട് കൂടി യത്) *മുൻഖത്വിഉം* (നിവേദന പരമ്പര മുറിഞ്ഞുപോയത്) ആയ ഹദീസുകൾ തെളിവിന് യോഗ്യമാണ് എന്നാണ് മാലികീ പക്ഷം. തദടിസ്ഥാനത്തിൽ അത്തരത്തിലുള്ള ഒട്ടേറെ ഹദീ സുകൾ *മുവത്വ*യിൽ ഇമാം ഉൾക്കൊള്ളിച്ചിട്ടുമുണ്ട്. *മുർസലും മുൻഖത്വിഉം* തെളിവിന് അയോഗ്യമാണെന്ന വാദക്കാരിൽനി ന്നാണ് *മുവത്വ* നേരിട്ട ഒരു വിമർശനം. മറ്റൊന്ന് നിവേദക രുടെ അയോഗ്യതയെക്കുറിച്ചാണ്. അബ്ദുൽകരീം ഒഴിച്ച് മാലിക് ഉദ്ധരിച്ച നിവേദകരെല്ലാം വിശ്വസ്തരാണെന്ന് യഹ്‌യബ്നു മുഅയ്യിൻ പറയുന്നു. മാലികിന്റെ നിവേദകരിൽ അബ്ദുൽകരീം മാത്രമേ തള്ളപ്പെടേണ്ട(മത്റൂക്)തായുള്ളൂ വെന്ന് ഇമാം നസാഈ പ്രസ്താവിച്ചിട്ടുണ്ട്. *മുവത്വ*യിൽ ചർച്ച ചെയ്യപ്പെട്ട ഫിഖ്ഹീ വീക്ഷണങ്ങളോടുള്ള വിമർശമാണ് മറ്റൊന്ന്. അത് പക്ഷേ, മാലികിന്റെയോ *മുവത്വ*യുടെയോ പ്രാധാന്യത്തിന് കളങ്കമേൽപിക്കുന്നതല്ല.

ഹിജ്റ 179 റബീഉൽ അവ്വലിൽ 86-ാം വയസ്സിൽ ഇമാം മാലിക് മരിച്ചു. ■

**റഫറൻസ്:**


* ഡോ. ശൈഖ് മുസ്ത്വഫാ അസ്സിബാഈ – 'അസ്സുന്നത്തു വ മകാനതുഹാ ഫിത്തശ്‌രീഇൽ ഇസ്‌ലാമി'

* ഇബ്നു കസീർ – അൽബിദായ വന്നിഹായ

* ഡോ. മുഹമ്മദ് അദ്ദസൂഖി, ഡോ. അമീന അൽജാബിർ – 'മുഖദ്ദിമതുൻ ഫീ ദിറാസതിൽ ഫിഖ്ഹിൽ ഇസ്‌ലാമി'

* അബൂസഹ്റ – ഇബ്നുഹമ്പൽ: 'ഹയാതുഹു വ അസറുഹു വ ആറാഉഹു വ ഫിഖ്ഹുഹു'

* ഇമാം അഹ്മദുബ്നു ഹമ്പൽ – 'അൽ മുസ്നദ് ലി ഇമാം അഹ്മദുബ്നു ഹമ്പൽ'

* ശാഹ് വലിയ്യുല്ലാഹിദ്ദഹ്‌ലവി – 'ഹുജ്ജതുല്ലാഹിൽ ബാലിഗ'

* ഇസ്‌ലാമിക വിജ്ഞാനകോശം – പ്രസാധനം, ഐ.പി.എച്ച്

* ശാഹ് വലിയ്യുല്ലാഹിദ്ദഹ്‌ലവി – 'കർമശാസ്ത്രഭിന്നത: ചരി ത്രവും സമീപനവും'